


കേരള സംസ്ഥാന കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ നടന്ന നീര ഉൽപ്പാദനവും വിൽപ്പനയും പ്രായോഗികമോ എന്ന സെമിനാർ സംസ്ഥാന പ്രസിഡന്റ് കെ എം സുധാകരൻ ഉദ്ഘാടനംചെയ്യുന്നു

# നീര ഉൽപ്പാദനം വിദേശമദ്യലോബിയെ സഹായിക്കാൻ- സെമിനാർ

തൃശൂർ: കള്ളുചെത്ത് വ്യവസായത്തെ തകർത്ത് വിദേശമദ്യ കമ്പനികളെ സഹായിക്കുകയാണ് നീര ഉൽപ്പാദനത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് കള്ളുചെത്തു വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) തൃശൂരിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു.

കള്ളുചെത്തു മേഖലയെ സംരക്ഷിക്കാത്ത യുഡിഎഫ് സർക്കാരിന്റെ നിലപാടിൽ കക്ഷിഭേദമെന്യേ യൂണിയനുകൾ രൂക്ഷമായി വിമർശിച്ചു. നീര ഉൽപ്പാദനവുമായി മുന്നോട്ടുപോകുന്ന സർക്കാരിനെതിരെ യോജിച്ച സമരത്തിന്റെ മുന്നോടിയായാണ് കള്ളുചെത്തു വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) സെമിനാർ സംഘടിപ്പിച്ചത്.

'നീര ഉൽപ്പാദനവും വിൽപ്പനയും പ്രായോഗികമോ' എന്ന സെമിനാർ ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ എം സുധാകരൻ ഉദ്ഘാടനം ചെയ്തു.

നീര ഉൽപ്പാദനത്തിനു പിന്നിൽ വിദേശമദ്യകമ്പനികളെ സഹായിക്കുന്ന ലോബികളാണെന്ന് കെ എം സുധാകരൻ പറഞ്ഞു. മന്ത്രി വിളിച്ച യോഗത്തിൽ തൊഴിലാളി യൂണിയൻ നേതാക്കൾ ഉന്നയിച്ച പ്രശ്നങ്ങളിൽ വ്യക്തമായ മറുപടിയുണ്ടായില്ല. സിഐടിയു എതിർപ്പും ഉന്നയിച്ചു. എന്നാൽ തൊഴിലാളി യൂണിയനുകളുടെ എതിർപ്പ് നീങ്ങിയെന്ന വസ്തുതാ വിരുദ്ധമായ പ്രചാരണങ്ങളാണ് നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

സ്വപ്നത്തിൽ പറയാവുന്ന കാര്യങ്ങളാണ് നീര ഉൽപ്പാദനത്തിലൂടെ ചിലർ അവതരിപ്പിക്കുന്നതെന്ന് കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധിബോർഡ് ചെയർമാനും ഐഎൻടിയുസി നേതാവുമായ എൻ അഴകേശൻ പറഞ്ഞു. പ്രതിസന്ധി നേരിടുന്ന കള്ള്വ്യവസായ മേഖലയെ സംരക്ഷിക്കാൻ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ലെന്ന് ടോഡി ആൻഡ് അബ്കാരി മസ്ദൂർ സംഘ് (ബിഎംഎസ്) ജനറൽ സെക്രട്ടറി എം കെ ഉണ്ണികൃഷ്ണൻ പറഞ്ഞു.

കേരകൃഷിയെ ബാധിക്കുന്ന കാറ്റുവീഴ്ചപോലുള്ള രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിവിധി കണ്ടെത്തുക, കള്ളുൽപ്പാദനത്തിന് അത്യുൽപ്പാദനശേഷിയുള്ള ഉയരം കുറഞ്ഞ തെങ്ങ് വികസിപ്പിക്കുക, തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളും സെമിനാർ ഉന്നയിച്ചു.

സിഐടിയു സംസ്ഥാന സെക്രട്ടറി എം എം വർഗീസ് അധ്യക്ഷനായി. ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി കൃഷ്ണൻ, സംഘാടകസമിതി കൺവീനർ സി കെ ചന്ദ്രൻ, പി എം സീനുലാൽ, പി വി പ്രഭാകരൻ, കെ എം നാരായണൻ, സി കെ ഗോപാലൻ, എം കുമാരൻ, വി കെ ഗോപിനാഥൻ, എം ആർ രാജൻ, കെ കെ പ്രകാശൻ എന്നിവർ സംസാരിച്ചു.

സംഘാടകസമിതി ചെയർമാൻ പി കെ ഷാജൻ സ്വാഗതവും സി ആർ പുരുഷോത്തമൻ നന്ദിയും പറഞ്ഞു. തൃശൂർ, പാലക്കാട്, എറണാകുളം ജില്ലകളിൽനിന്നുള്ള തൊഴിലാളികളാണ് സെമിനാറിൽ പങ്കെടുത്തത്.